പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1888 04.12.2018-ലെ മറുപടിക്ക്

# നിലക്കൽ നിന്നും പമ്പയിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ്സുകൾ

ചോദ്യം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
" സണ്ണി ജോസഫ്
" അടൂർ പ്രകാശ്
" എം. വിൻസെന്റ്

മറുപടി

ശ്രീ. എ.കെ. ശശീന്ദ്രൻ
(ഗതാഗത വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | മണ്ഡലകാലത്ത് നിലക്കലിൽ നിന്നും പമ്പയിലേക്ക് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി. എത്ര ബസ്സുകളാണ് ഉപയോഗിക്കുന്നത്; | (എ) | 40 എ.സി ബസ്സുകളും, 160 നോൺ എ.സി ബസ്സുകളും, 5 ഇലക്ട്രിക് ബസ്സുകളും കെ.എസ്.ആർ.ടി.സി നിലയ്ക്കലിൽ നിന്നും പമ്പയിലേയ്ക്ക് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പമ്പയിൽ മണ്ഡലകാലത്ത് ദീർഘദൂര സർവ്വീസിനായി 50 സൂപ്പർ ക്ലാസ് ബസ്സുകളും, കൂടാതെ കേരളത്തിലെ വിവിധ യൂണിറ്റുകളിൽ നിന്നും പ്രതിദിനം 150-ൽ പരം ബസ്സുകളും പമ്പയിലേയ്ക്ക് സർവ്വീസ് നടത്തി വരുന്നുണ്ട്. |
| (ബി) | പ്രസ്തുത റൂട്ടിൽ എ.സി. ബസ്സിനും നോൺ എ.സി. ബസ്സിനും ഈടാക്കുന്ന ചാർജ് എത്ര വീതമാണ്; | (ബി) | പ്രസ്തുത റൂട്ടിൽ ഒരു ഭാഗത്തേയ്ക്ക് നോൺ എ.സി ബസ്സിന് 40 രൂപയും, എ.സി ബസ്സിന് 75 രൂപയും എന്ന രീതിയിലാണ് നിരക്ക് ഈടാക്കുന്നത്. |
| (സി) | പ്രസ്തുത റൂട്ടിൽ പോലീസിന്റെ നിർദ്ദേശാനുസരണം സർവ്വീസ് നടത്തുന്നതിനാൽ ഭക്തർക്ക് പമ്പയിൽ എത്തുന്നതിന് ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ; | (സി) | പ്രസ്തുത റൂട്ടിൽ ഭക്തർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കാത്ത രീതിയിൽ പരമാവധി സർവ്വീസുകൾ നടത്തുന്നതിന് പ്രത്യേക ശ്രദ്ധ ചെലുത്തുന്നുണ്ട്. |
| (ഡി) | ഈ റൂട്ടിൽ ഇലക്ട്രിക് ബസ് ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ എത്രയെണ്ണമെന്ന് അറിയിക്കുമോ? | (ഡി) | പ്രസ്തുത റൂട്ടിൽ നിലവിൽ 5 ഇലക്ട്രിക് ബസ്സുകൾ സർവ്വീസ് നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ